**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6369** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സ്കൂൾ കോഴ്സുകൾ മാറ്റുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ സ്കൂൾ, കോഴ്സുകൾ എന്നിവ മാറ്റുന്നതിന് വി.എച്ച്.എസ്.ഇ. വിഭാഗത്തിലെയും ഹയർസെക്കണ്ടറി വിഭാഗത്തിലെയും വ്യത്യസ്ത നയം കാരണം വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വി.എച്ച്.എസ്.ഇ. വിഭാഗത്തിലേയും ഹയർസെക്കണ്ടറി വിഭാഗത്തിലേയും പ്രവേശന പ്രക്രിയകൾ നടക്കുന്നത് വെവ്വേറെ പ്രോസ്പെക്ടസുകൾ പ്രകാരമാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും പ്രയാസങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മാർക്ക് കൂടിയവരെക്കാൾ മാർക്ക് കുറഞ്ഞവർക്ക് ഇഷ്ട വിഷയങ്ങളിലേക്ക് മാറുന്നതിനും സ്കൂൾ മാറുന്നതിനും സപ്ലിമെന്ററി അലോട്ട്മെന്റ് വഴി സീറ്റ് ലഭിക്കുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഒരേ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ രണ്ടു സ്കീമുകളിലേക്ക് മാറിയതിനാൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനം പുന:പരിശോധിക്കുവാൻ തയ്യാറാകുമോ? | (സി) | വിദ്യാർത്ഥികൾ അവരുടെ സ്വന്തം താൽപ്പര്യ പ്രകാരമാണ് രണ്ട് സ്കീമുകളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കുന്നത് എന്നതിനാൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ